# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 202 05.02.2018- ൽ മറുപടിക്ക്

# കൈത്തറി നെയ്ത്തുകാർക്ക് പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ്. പി.കുന്നപ്പിള്ളിൽ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) നെയ്ത്തുകാർ അധികമായി വസിക്കുന്ന മേഖലകളിൽ ഇന്റഗ്രേറ്റഡ് ഹാൻഡ് ലൂം വില്ലേജ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് അത് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) കേരളത്തിൽ നെയ്ത്തുകാർ അധികമായി വസിക്കുന്ന മേഖലയിൽ ഒരു ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം വില്ലേജ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഹാന്റ്ലൂം വീവേഴ്സ് യാൺ സംഘത്തിന്റെ സ്ഥലത്ത് പദ്ധതി ആരംഭിക്കുന്നതിനായി സ്ഥലം വാങ്ങി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ദേശീയ-അന്തർ ദേശീയ വിപണിയോട് മത്സരിക്കുവാൻ കൈത്തറി ഉൽപ്പന്നങ്ങളെ പ്രാപ്തമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുത്ത് കൈത്തറി ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. 2017-18 വർഷത്തിൽ 'ഹാന്റ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ' ഗുജറാത്തിൽ സംഘടിപ്പിച്ച 'ടെക്സ്റ്റൈൽ ഇന്ത്യാ ട്രേഡ് ഫെയർ', ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ എന്നീ മേളകളിൽ വിവിധ കൈത്തറി സഹകരണസംഘങ്ങൾ പങ്കെടുക്കുകയും ആയതിന് വിവിധ കൈത്തറി സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനം ലക്ഷ്യമാക്കി സംഘങ്ങൾ കയറ്റുമതി ചെയ്യുന്ന ഉൽപന്നങ്ങളുടെ മൂല്യത്തിന്റെ 20% എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് |

നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു. ഈ ഇനത്തിൽ 2 കൈത്തറി സഹകരണസംഘങ്ങൾക്കായി 10 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കേരളത്തിലെ തനതായ ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി(എൻ.ഐ.എഫ്.റ്റി) യുമായി ചേർന്ന് 75 ഇനം കൈത്തറി ഉൽപന്നങ്ങൾ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) ആഗോളനിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് കൈത്തറി നെയ്ത്തുകാർക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ?

(സി) ആഗോള നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് കൈത്തറി നെയ്ത്തുകാർക്ക് പ്രോത്സാഹനം നൽകുന്നതിനായി "മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിതവുമായ ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രചോദനവും" എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**